**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3809** **15-07-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂരിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ എത്ര ട്രാഫിക് പോലീസ് സ്റ്റേഷനുകളുണ്ടെന്ന് സബ് ഡിവിഷനുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; ഓരോ പോലീസ് സബ് ഡിവിഷനുകൾക്കു കീഴിലും ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ എങ്കിലും സർക്കാർ അനുവദിക്കാറുണ്ടോ; വിശദമാക്കാമോ; | (എ) | 14.07.2018 തീയതിയിലെ സ.ഉ (കൈ) നം.116/2018/ആഭ്യന്തരം പ്രകാരം ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റുകയും ട്രാഫിക് പോലീസ് സ്റ്റേഷനുകളും, ട്രാഫിക് യൂണിറ്റുകളും 'ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ്'കളാക്കി പുനർനാമകരണം ചെയ്തിട്ടുമുണ്ട്.<br>മലപ്പുറം ജില്ലയിൽ നിലവിലുള്ള ട്രാഫിക് യൂണിറ്റുകൾ താഴെപ്പറയുന്നവയാണ്.<br>മലപ്പുറം സബ്ഡിവിഷൻ - മലപ്പുറം, മഞ്ചേരി<br>കൊണ്ടോട്ടി സബ്ഡിവിഷൻ - കൊണ്ടോട്ടി<br>പെരിന്തൽമണ്ണ സബ്ഡിവിഷൻ – പെരിന്തൽമണ്ണ<br>തിരൂർ സബ്ഡിവിഷൻ - തിരൂർ<br>താനൂർ, നിലമ്പൂർ സബ് ഡിവിഷനുകളിൽ ട്രാഫിക് യൂണിറ്റുകൾ ഇല്ല. നിലവിൽ എല്ലാ സബ്ഡിവിഷനുകളുടെയും കീഴിൽ ട്രാഫിക് യൂണിറ്റ് വേണം എന്ന രീതി സ്വീകരിച്ചിട്ടില്ല. |
| (ബി) | നിലമ്പൂർ പോലീസ് സബ് ഡിവിഷനു കീഴിൽ നിലവിൽ ട്രാഫിക് പോലീസ് സ്റ്റേഷനുകളില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിലമ്പൂരിന് അടുത്തുള്ള ട്രാഫിക് പോലീസ് സ്റ്റേഷൻ എവിടെയാണെന്നും ഈ സ്റ്റേഷനിൽ നിന്നും സംസ്ഥാന അതിർത്തിയായ വഴിക്കടവിലേക്ക് എത്ര ദൂരമുണ്ടെന്നും അറിയിക്കാമോ; | (ബി) | നിലമ്പൂർ പോലീസ് സബ് ഡിവിഷനു കീഴിൽ നിലവിൽ ട്രാഫിക് യൂണിറ്റുകളില്ല. നിലമ്പൂരിന് അടുത്തുള്ള ട്രാഫിക് യൂണിറ്റ് മഞ്ചേരിയിലാണുള്ളത്. മഞ്ചേരിയിൽ നിന്നും വഴിക്കടവിലേക്ക് ഏകദേശം 44 കിലോമീറ്റർ ദൂരമുണ്ട്. |
| (സി) | നിലമ്പൂർ സബ് ഡിവിഷൻ പരിധിയിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | സംസ്ഥാനത്ത് പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ആരംഭിക്കുവാൻ നിലവിൽ തീരുമാനിച്ചിട്ടില്ല. ട്രാഫിക്ക് മാനേജ്മെന്റിനായി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | അന്തർ-സംസ്ഥാന പാത എന്ന നിലയിലും | (ഡി) | 'സി' യിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന സംസ്ഥാന അതിർത്തി പ്രദേശം എന്ന നിലയിലും സുരക്ഷാ പരിശോധന, ഗതാഗത നിയന്ത്രണം, ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുക തുടങ്ങിയവ ഫലപ്രദമാക്കാൻ നിലമ്പൂരിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ